**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

**2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2012 ജൂലൈ 23-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XII

## ആരോഗ്യവും കുടുംബക്ഷേമവും

2011–2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ
ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236–ാം ചട്ടത്തിന്റെ
(5)–ാം ഉപചട്ടപ്രകാരമുള്ളത്

987/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി XII
ആരോഗ്യവും കുടുംബക്ഷേമവും
(2011-13)

ഘടന

ചെയർമാൻ:

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. എ. എ. അസീസ്

,, ഐ. സി. ബാലകൃഷ്ണൻ

,, പി. കെ. ബഷീർ

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. കെ. ദാസൻ

,, എ. റ്റി. ജോർജ്

,, കെ. കുഞ്ഞമ്മത് മാസ്റ്റർ

,, റോഷി അഗസ്റ്റിൻ

,, പി. ഉബൈദുള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

,, കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, കെ. രാധാമണി, അണ്ടർ സെക്രട്ടറി.

# അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ ചെയർമാനായ ഞാൻ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

2. സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ പരിധിയിലുള്ള ധനാഭ്യർത്ഥന നമ്പർ XVIII (വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും), XIX (കുടുംബക്ഷേമം) XXX (ഭക്ഷ്യം-2236-പോഷകാഹാരം) എന്നിവയുടെ 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ 26-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. ആരോഗ്യവകുപ്പിനെ സംബന്ധിച്ച 2011-12-ലെ റിപ്പോർട്ടിൽ മൊത്തം 41 ശുപാർശകളാണ് ഉണ്ടായിരുന്നത്. അവയിൽ 2, 20, 28, 29, 30, 31, 35, 36, 39, 40, 41 എന്നീ ഖണ്ഡികകൾക്കുള്ള മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി സമിതിയുടെ 17-7-2012-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ സർക്കാരിൽ നിന്നും ലഭിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റിൽ സമിതി അംഗീകരിച്ച വിവരങ്ങളും രണ്ടാം ഭാഗത്തിൽ സമിതിയുടെ ശുപാർശകളിന്മേൽ അനന്തര നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവയുടെ വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

4. 2012 ജൂലൈ 17-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. എസ്. ശിവകുമാർ,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2012 ജൂലൈ 17.

# റിപ്പോർട്ട്

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

## ഭാഗം I

(സമിതിയുടെ ശുപാർശകളും ഗവൺമെന്റിൽ നിന്ന് ലഭിച്ച മറുപടികളും)

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

### ശുപാർശ

2210-05-105-74—നഴ്സിംഗ് വിദ്യാഭ്യാസം-നഴ്സിംഗ് സ്കൂളുകൾ

പ്രതിവർഷം 385-ഓളം വിദ്യാർത്ഥികൾ പ്രവേശനം നേടുന്ന ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള 15 നഴ്സിംഗ് സ്കൂളുകളിലെ സൗകര്യങ്ങൾ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾക്കനുസൃതമായി മെച്ചപ്പെടുത്തുന്നതിന് വകയിരുത്തിയിട്ടുള്ള തുക പരിമിതമായതിനാൽ പദ്ധതി ഇനത്തിൽ 264 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സ്വീകരിച്ച നടപടി

നഴ്സിംഗ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അധികമായി തുക അനുവദിച്ചിട്ടില്ല. 2011-12-ൽ 242.9 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

### ശുപാർശ

തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളോടുചേർന്ന് ഡെന്റൽ കോളേജുകൾ തുടങ്ങാൻവേണ്ട തുക ബഡ്ജറ്റിൽ വകകൊള്ളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

### സ്വീകരിച്ച നടപടി

തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളോടുചേർന്ന് ഡെന്റൽ കോളേജുകൾ തുടങ്ങുന്നതിനായി 2012-13 ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് ശുപാർശ സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

987/2012.

ശുപാർശ

ഹോമിയോപ്പതി വകുപ്പിൽ നിലവിലുള്ള 6 തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ ഏകീകരിച്ച് സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ ആയ മെഡിക്കലാഫീസർ 1, ഫാർമസിസ്റ്റ് 1, അറ്റൻഡർ 1, പി.റ്റി.എസ്. 1 എന്നത് ഏകീകരിച്ച് നൽകാനും, വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ അഭാവം ഉണ്ടാകാതിരിക്കാൻ 3 വർഷത്തെ ഡിപ്ലോമ ഇൻ ഫാർമസി കോഴ്സ് ഹോമിയോ കോളേജിൽ തുടങ്ങണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ഹോമിയോപ്പതി ഡിസ്പെൻസറികളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടി ഹോമിയോപ്പതി ഡയറക്ടർ സ്വീകരിച്ചുവരുന്നു. രണ്ട് വർഷം മൂന്ന് മാസം നീണ്ടുനിൽക്കുന്ന ഡിപ്ലോമ ഇൻ ഫാർമസി കോഴ്സ് തുടങ്ങുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

[G.O. (Rt.) 4284/10/H&FWD dated 30-10-2010]

ശുപാർശ

കേന്ദ്രാവിഷ്കൃത പദ്ധതികളായ ആയുഷ്, എൻ.ആർ.എച്ച്.എം., അമ്മയും കുഞ്ഞും എന്നീ പദ്ധതികൾ നടപ്പിലാക്കാൻ 2 ജോയിന്റ് ഡയറക്ടർമാരെയും രാത്രികാലങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒഴിവുള്ള ആർ.എം.ഒ. തസ്തികകളിൽ നിയമനം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ, ഹോമിയോ ഡയറക്ടറേറ്റ് ശക്തിപ്പെടുത്തൽ എന്ന പദ്ധതിക്കായി 4 കോടി രൂപ (2012-13 വർഷത്തെ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ജോയിന്റ് ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടുത്തി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടി ഹോമിയോപ്പതി ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ശുപാർശ

ജനങ്ങൾക്ക് യാത്രാസൗകര്യം ഇല്ലാത്ത സ്ഥലങ്ങളായ കരിമ്പനി, കിഴക്കൻചേരി, കുഴൽമന്ദം, പെരുവമ്പ്, വട്ടവട, മണ്ണീറ, പുതൂർ, ഷോലയൂർ തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറികൾ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. ഹോമിയോപ്പതി ഡയറക്ടറേറ്റിന് സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്ത സാഹചര്യത്തിൽ ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നതിനായി സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

യാത്രാസൗകര്യം ഇല്ലാത്ത ദുർഘടപ്രദേശങ്ങളിൽ ജനങ്ങൾക്കെത്തിച്ചേർന്ന് ചികിത്സ തേടാൻ ബുദ്ധിമുട്ടുള്ള കരിമ്പാനി, കിഴക്കൻചേരി, കുഴൽമന്ദം, പെരുവമ്പ്, വട്ടവട, മണ്ണീറ പുതൂർ, ഷോലയൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഡിസ്പെൻസറികൾ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിന് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തുകൾ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കാതെയും അവരുടെ അനുമതിയോടെയല്ലാതെയും മേൽപ്പറഞ്ഞ ഡിസ്പെൻസറികൾ മാറ്റി സ്ഥാപിക്കുക ദുഷ്കരമാണ്.

തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന ഐരാണിമുട്ടത്ത് ഹോമിയോപ്പതി ഡയറക്ടറേറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പെർമിസീവ് സാങ്ഷൻ ലഭ്യമാക്കിക്കൊണ്ട് 20-9-2011-ലെ ജി.ഒ. (ആർറ്റി.) 3306(എ)/2011/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ ക്യാപ്പിറ്റൽ ഫണ്ടായി അനുവദിച്ചിട്ടുള്ള 2.20 കോടി രൂപ വിനിയോഗിച്ചുകൊണ്ട് പ്രസ്തുത സ്ഥലത്ത് ഡയറക്ടറേറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

<u>ശുപാർശ</u>

2210-05-105-74—<u>ചൈൽഡ് ഡെവലപ്മെന്റ് സെന്റർ</u>

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുള്ള 60 ലക്ഷം രൂപ പരിമിതമായതിനാൽ 85 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ അധികവിഭവസമാഹരണ സാധ്യതകളിലെ പരിമിതികൾ കണക്കിലെടുത്ത് അധികതുക അനുവദിക്കാൻ നിർവ്വാഹമില്ല.

<u>ശുപാർശ</u>

2210-06-102-99—<u>ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ്</u>

ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഭക്ഷ്യ സുരക്ഷ നിലവാര നിയമം നടപ്പിലാക്കുന്നതിനായി ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് എല്ലാ മേഖലകളിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മായം ചേർക്കൽ തടയുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയ പഠനം നടത്തുന്നതിലേക്കായി 2.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ശുപാർശ ചെയ്തിരുന്ന 2.15 കോടി രൂപ 2210-06-102-99 എന്ന ശീർഷകത്തിൽ 2011-12-ലെ ബഡ്ജറ്റിൽ അധികമായി ഉൾക്കൊള്ളിച്ച് അനുവദിച്ചിട്ടില്ല. ആയതിനാൽ ടി തുക 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അധികമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2210-05-105-18—സി-മെറ്റ്

ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ നിലവാരമുയർത്തുക, നഴ്സിംഗ് വിദ്യാഭ്യാസം കൂടുതൽ വ്യാപിപ്പിക്കുക, ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനാവശ്യമായ സ്ഥാപനങ്ങൾ, ഗവേഷണം, തൊഴിൽ തുടങ്ങിയ നിരവധി ലക്ഷ്യങ്ങൾക്കായി രൂപംകൊണ്ട സി-മെറ്റിന് 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിനത്തിൽ 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ വിഹിതം 13 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ലഭിച്ച 50 ലക്ഷം രൂപയ്ക്ക് പുറമെ കഴിഞ്ഞ ഉപധനാഭ്യർത്ഥനയിൽ 12,61,85,000 രൂപ വകകൊള്ളിക്കണമെന്ന് ശുപാർശ സമർപ്പിച്ചിരുന്നെങ്കിലും 2011-12 സാമ്പത്തിക വർഷം തുക അനുവദിച്ചു കിട്ടിയിട്ടില്ല.

ഭക്ഷ്യം

ശുപാർശ

2236-02-101-99—പൊതുജനാരോഗ്യം-പ്രയുക്ത പോഷകാഹാര പരിപാടി

കേരളത്തിലെ വിവിധ വിഭാഗം ജനങ്ങൾ കഴിക്കുന്ന ആഹാര പദാർത്ഥങ്ങളുടെ പോഷക ഘടക നിർണ്ണയം, വിശകലനം, ആരോഗ്യകുടുംബക്ഷേമം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നീ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സമഗ്രമായ പരിശീലനം നൽകൽ, പോഷകാഹാര ഘടക നിർണ്ണയത്തിന് ആവശ്യമായ നവീന ലബോറട്ടറി ഉപകരണങ്ങളും അനുബന്ധസാധനങ്ങളും വാങ്ങുക, ബോധവൽക്കരണ ഉപാധികളായ ലഘുലേഖകൾ, പോസ്റ്ററുകൾ, ഡോക്യുമെന്ററികൾ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി 45.06 ലക്ഷം രൂപയാണ് 2011-12-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6.08 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

## സ്വീകരിച്ച നടപടി

സാധനസാമഗ്രികൾ വാങ്ങുന്നതിനും, പരിശീലന പരിപാടികൾ, ബോധവത്കരണ പഠനോപാധികളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്കായും അധികതുക അനുവദിച്ചാൽ 2011-12 സാമ്പത്തിക വർഷത്തിനുള്ളിൽ ആയത് വിനിയോഗിച്ച് പ്രസ്തുത പരിപാടികൾ നടപ്പിലാക്കാൻ സാധിക്കുകയില്ലാത്ത സാഹചര്യത്തിൽ അധികതുക അനുവദിച്ചിട്ടില്ല.

(ഖണ്ഡിക 28, 35 എന്നിവയ്ക്ക് ശുപാർശ ഒന്നും തന്നെയില്ല.)

# ഭാഗം II

## ആരോഗ്യം

(മറുപടി ലഭിക്കാത്തവ)

### ശുപാർശ

2011-12 സാമ്പത്തിക വർഷം ആരോഗ്യകുടുംബക്ഷേമ വകുപ്പിന് അനുവദിച്ചിരിക്കുന്ന തുക പരിമിതമാണെന്നും കൂടുതൽ തുക വകയിരുത്തിയാൽ മാത്രമെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു. 100 കിടക്കകളിൽ കൂടുതൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള എല്ലാ ജില്ലാ ആശുപത്രികളെയും സ്പെഷ്യാലിറ്റി കേഡർ ആശുപത്രികളായി അപ്ഗ്രേഡ് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഓരോ ബ്ലോക്കിലും ഒരു ആശുപത്രി എന്ന കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായത്തോടെ ആശുപത്രികൾ സ്ഥാപിക്കാനും സമിതി ശുപാർശ ചെയ്യുന്നു. ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 1)

## സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്ഓർഡേഴ്സ് (എസ്.ആർ.സി.സി.ഡി.)

### ശുപാർശ

കുട്ടികൾ, മുതിർന്നവർ, വൃദ്ധർ എന്നിവരിൽ കാണുന്ന മാനസികവും ഭാഷാപരവും ചിന്താപരവും ആശയപരവുമായ വൈകല്യങ്ങൾ, ഓട്ടിസം, ബുദ്ധിമാന്ദ്യം, പഠനവൈകല്യം, സെറിബ്രൽ പാൾസി, ശ്രവണവൈകല്യങ്ങൾ, സംസാരശേഷിയില്ലായ്മ, പ്രായപൂർത്തിയായവരിൽ പക്ഷാഘാതവും തലച്ചോറിലുണ്ടാകുന്ന ക്ഷതങ്ങൾ മുഖേന വരുന്ന ഭാഷാവൈകല്യങ്ങൾ, മറവിരോഗം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുകയും, അത്തരം വൈകല്യമുള്ളവരെ ചികിത്സിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്ത് അവരെ കുടുംബത്തിന്റെയും സമൂഹത്തിന്റേയും മുഖ്യധാരയിലേക്ക് നയിക്കുകയും ചെയ്യുന്നതാണ് ഈ സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.

(ഖണ്ഡിക 3)

ശുപാർശ

സൊസൈറ്റിയുടെ കീഴിൽ ആശയവിനിമയ വൈകല്യമുള്ള എല്ലാ പ്രായക്കാരെയും ചികിത്സിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആന്റ് കോഗ്നറ്റീവ് ന്യൂറോ സയൻസിന്റെ തിരുവനന്തപുരത്തും ഷൊർണ്ണൂരും പ്രവർത്തിക്കുന്ന രണ്ട് സെന്ററുകൾക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വൈകല്യമുള്ള കുട്ടികൾക്കായി പുലയനാർകോട്ടയിൽ ആശുപത്രി നിർമ്മാണം, വൈകല്യമുള്ള കുട്ടികൾക്കുള്ള ഹോസ്റ്റൽ, ഭക്ഷണശാല ഡൈനിംഗ് ഹാൾ, റെസിഡെൻഷ്യൽ സ്കൂൾ സ്ഥാപിക്കുക, ന്യൂറോസർജറിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുക, ന്യൂറോസർജറി ഓപ്പറേഷൻ തിയേറ്റർ സ്ഥാപിക്കുക, ഷൊർണ്ണൂർ കാവൽപുരയിലുള്ള ഐക്കോൺസ് ആശുപത്രിയിൽ റേഡിയോളജി യൂണിറ്റ് സ്ഥാപിക്കൽ, കൂടുതൽ സ്പെഷ്യലിസ്റ്റുകളെയും പാരാമെഡിക്കൽ ജീവനക്കാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ ശീർഷ കത്തിൽ അനുവദിച്ചിട്ടുള്ള 200 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**സ്കൂൾ ഹെൽത്ത് പ്രോഗ്രാം**

ശുപാർശ

സ്കൂൾ ഹെൽത്ത് കാർഡ് നൽകുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തിയിരുന്നത് പരിമിതമായതിനാൽ 90 ലക്ഷം രൂപ അധികമായി അനുവദിച്ച് വിഹിതം 1 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി**

ശുപാർശ

2011-12-ലെ സംസ്ഥാന വിഹിതമായി 150 ലക്ഷം രൂപ നിർദ്ധനരായ രോഗികൾക്ക് ഓപ്പൺ ഹാർട്ട് സർജറി, ന്യൂറോസർജറി, പേസ്മേക്കർ ട്രാൻസ്പ്ലാന്റേഷൻ, ക്യാൻസർ, ആൻജിയോപ്ലാസ്റ്റി, റീനൽ ട്രാൻസ്പ്ലാന്റേഷൻ സർജറി, ട്യൂമർ റിസക്ഷൻ ആന്റ് പ്രോസ്തസിസ്, ഡയാലിസിസ്, ലിവർ ട്രാൻസ്പ്ലാന്റേഷൻ, ട്യൂമർ ഓഫ് ലംബാർ തൊറാസിക് വെർട്ടിബ്രൽ എന്നിവയുടെ ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായമായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും മാച്ചിംഗ് ഫണ്ട് ലഭിക്കുന്ന സൊസൈറ്റിക്ക് ഈ തുക അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

**ഡീ അഡിക്ഷൻ സെന്ററുകൾ**

ശുപാർശ

മദ്യം-മയക്കുമരുന്ന്, കറുപ്പ് തുടങ്ങിയവയുടെ ഉപയോഗം തടയുന്നതിനായി വയനാട്, പാലക്കാട്, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലെ നാല് ജില്ലാ ആശുപത്രികളിലായി ഡീ അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് പരിമിതമായതിനാൽ 100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## മെഡിക്കൽ വിദ്യാഭ്യാസം

ശുപാർശ

മെഡിക്കൽ വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന 5 മെഡിക്കൽ കോളേജുകളിലും ഡയറക്ടറേറ്റിലും സൃഷ്ടിക്കേണ്ടിവരുന്ന തസ്തികകൾക്ക് 1,64,33,410 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

ശുപാർശ

മെഡിക്കൽ വിദ്യാഭ്യാസത്തിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ തസ്തികകളിലെ അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിനായി 281 അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും 190 തസ്തികകൾ ഉയർത്തുന്നതിനുമായി 28 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

ശുപാർശ

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ റേഡിയോഡയഗ്നോസ്റ്റിക് ഡിപ്പാർട്ട്മെന്റുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇമേജോളജി ആന്റ് ഇന്റർവെൻഷണൽ റേഡിയോളജി ആരംഭിക്കുന്നതിനായി നാല് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

ശുപാർശ

മെഡിക്കൽ സീറ്റ് വർദ്ധിപ്പിച്ചതനുസരിച്ച് ബിരുദാനന്തര ബിരുദവിദ്യാർത്ഥി കൾക്കുള്ള താമസസൗകര്യം വരുന്ന മൂന്നുവർഷത്തിനകം പൂർത്തിയാക്കേണ്ടതിനാൽ പത്ത് കോടി രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

ശുപാർശ

കോട്ടയം മെഡിക്കൽ കോളേജ് പോലെ മറ്റ് നാല് മെഡിക്കൽ കോളേജു കളിലും കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന തിനായി 12 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

ശുപാർശ

കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പഠനരീതിയിൽ മാറ്റം വരുത്തുന്നതിനും മരുന്നുകളുടെ പ്രവർത്തനം രോഗികളിൽ സ്റ്റിമുലേറ്റർ എന്ന ഉപകരണത്തിലൂടെ മനസ്സിലാക്കുന്നതിനുമായി പത്ത് കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

ശുപാർശ

മെഡിക്കൽ കോളേജ് ആശുപത്രികളിൽ മരുന്നും ആഹാരസാധനങ്ങളും വാങ്ങു ന്നതിനായും അഞ്ച് മെഡിക്കൽ കോളേജുകളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്ന തിനായും ആവശ്യപ്പെട്ട തുക തന്നെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. മൂലധനശീർഷകത്തിൽ അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ഒരു നിശ്ചിത അനുപാതം തുക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് പ്രത്യേകമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

ശുപാർശ

തിരുവനന്തപുരം മെഡിക്കൽ കോളേജിന് 2210-05-105-98 (നോൺ പ്ലാൻ) ശീർഷകത്തിൽ മരുന്നും യന്ത്രോപകരണങ്ങളും വാങ്ങുന്നതിനായി അനുവദിച്ച 60 ലക്ഷം രൂപ പരിമിതമായതിനാൽ 25 ലക്ഷം രൂപ കൂടി അനുവദിച്ച് 85 ലക്ഷം രൂപയായി വിഹിതം ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

ശുപാർശ

2210-05-105-97 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിന് മരുന്നും യന്ത്രസാമഗ്രികളും വാങ്ങാൻ അനുവദിച്ച 22 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അധികമായി 63 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

ശുപാർശ

2210-05-105-96 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിന് 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ തന്നെ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. മരുന്ന് വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപയ്ക്കുപുറമേ 15 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

ശുപാർശ

2210-05-105-95 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ മരുന്ന് വാങ്ങുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 ലക്ഷം രൂപ പരിമിതമായതിനാൽ 29 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന 11 ലക്ഷം രൂപ 25 ലക്ഷം രൂപയായി ഉയർത്താൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

ശുപാർശ

2210-05-105-94 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിന് മരുന്ന് വാങ്ങുന്നതിനായി 5.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത് 9.5 ലക്ഷം രൂപ കൂടി വർദ്ധിപ്പിച്ച് 15 ലക്ഷമായി ഉയർത്താനും, യന്ത്രോപകരണങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ 5 ലക്ഷം കൂടി വർദ്ധിപ്പിച്ച് 25 ലക്ഷമായി ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

ശുപാർശ

കോഴിക്കോട് മെഡിക്കൽ കോളേജിലെ നിലവിലുള്ളതുപോലെ മറ്റ് നാല് മെഡിക്കൽ കോളേജുകളിലും ഡയറക്ടറേറ്റിലും മെഡിക്കൽ കൗൺസിൽ അംഗങ്ങൾക്കും എക്സ്റ്റേണൽ എക്സാമിനേഴ്സിനും താമസസൗകര്യത്തിനായി 5 റസ്റ്റ് ഹൗസുകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## ഭാരതീയ ചികിത്സാ വകുപ്പ്

### ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, തിരുവനന്തപുരം മെറ്റേണിറ്റി വാർഡ്, പൂജപ്പുര

ശുപാർശ

തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിലും പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും 2010-11 സാമ്പത്തിക വർഷത്തിൽ വാട്ടർ ചാർജ്ജിനത്തിൽ 6.8 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ സാമ്പത്തികവർഷം വാട്ടർ ചാർജ്ജിനത്തിൽ അധികമായി 4 ലക്ഷം രൂപയും ദൈനംദിന ചെലവുകൾക്കു വേണ്ടി (24)M&S-ൽ 6 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

### പഞ്ചകർമ്മ ആശുപത്രി, പൂജപ്പുര, തിരുവനന്തപുരം

ശുപാർശ

പൂജപ്പുര പഞ്ചകർമ്മ ആശുപത്രിക്കുവേണ്ടി ഹാബിറ്റാറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി 4 സാനിട്ടേഷൻ വർക്കർ തസ്തികകൾ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

ശുപാർശ

പഞ്ചകർമ്മ ആശുപത്രിയിൽ നിലവിലുള്ള ബെഡ് 54-ൽ നിന്നും 104 ആയി വർദ്ധിപ്പിച്ച സാഹചര്യത്തിൽ രോഗികൾക്കുള്ള ഭക്ഷണസാമഗ്രികൾക്കും ഔഷധങ്ങൾക്കും പുതിയ തസ്തികകൾക്കും ഫർണിച്ചറുകൾക്കും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയുണ്ടായി. ആയതിനാൽ 2210-02-101-85 എന്ന ശീർഷകത്തിൽ പ്ലാൻ ഇനത്തിൽ 3 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 40 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

### ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പൂജപ്പുര

ശുപാർശ

തിരുവനന്തപുരം ആയുർവേദ കോളേജിന്റെ കീഴിൽ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനപ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. വളരെ അപൂർവ്വമായ സസ്യസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഈ ഔഷധത്തോട്ടത്തിന്റെ വികസന

പ്രവർത്തനങ്ങൾക്കുവേണ്ടി 5 ലക്ഷം രൂപ 2210-05-101-93 (34) OC പദ്ധതിയിനത്തിലും തൊഴിലാളികൾക്ക് വേതനം നൽകുന്നതിലേക്ക് 2210-05-101-93(02) വേജസ് പദ്ധതിയിതര വിഭാഗത്തിൽ 3 ലക്ഷം രൂപയും തോട്ടത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 1 ലക്ഷം രൂപയും 2210-05-101-93(34) Other Charges എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഭാഗത്തിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**ആയുർവേദ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, കോളേജ് ഹോസ്റ്റൽ, തിരുവനന്തപുരം – കെട്ടിടനിർമ്മാണം**

ശുപാർശ

ആയുർവേദ കോളേജിലെ ക്ലാസ്സ് റൂമുകൾ, ലൈബ്രറി എന്നിവയുടെ സ്ഥലപരിമിതി കോളേജിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ കോളേജിന് പുതിയതായി ഒരു കെട്ടിടം പണിയേണ്ടതുണ്ടെന്നും പി.ജി. & ഹൗസ് സർജൻ വിദ്യാർത്ഥിനികൾക്കായി പൂജപ്പുര പഞ്ചകർമ്മ ആശുപത്രി കോമ്പൗണ്ടിൽ പുതിയ ലേഡീസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച രണ്ടര കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4210-03-101-99 (01), (02), (03) എന്ന ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം**

ശുപാർശ

കോളേജിന് അദർചാർജ്ജിനത്തിൽ പദ്ധതിയേതര വിഭാഗത്തിൽ 10 ലക്ഷം രൂപയും പദ്ധതി വിഹിതമായി 17 ലക്ഷം രൂപ അനുവദിച്ചത് 50 ലക്ഷം രൂപയായും വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ സ്റ്റൈപ്പന്റ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള 2.5 കോടി രൂപ 1 കോടി രൂപ കൂടി വർദ്ധിപ്പിച്ച് 3.5 കോടി രൂപയായി ഉയർത്താനും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**റീജിയണൽ കാൻസർ സെന്റർ**

ശുപാർശ

കാൻസർ ചികിത്സാരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന റീജിയണൽ കാൻസർ സെന്ററിന് ബഡ്ജറ്റ് വിഹിതമായി 18 കോടി രൂപ വകയിരുത്തിയിരിക്കുന്നതിനോടൊപ്പം 5 കോടി രൂപ കൂടി പദ്ധതിയേതരയിനത്തിൽ 2210-05-800-89 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

ആർ.സി.സി.യിലെ ഇലക്ട്രിഫിക്കേഷൻ സിസ്റ്റം ഏതു നിമിഷവും പ്രവർത്തന രഹിതമായേക്കാവുന്ന അവസ്ഥയിലാണ്. ഇലക്ട്രിഫിക്കേഷൻ സിസ്റ്റം നവീകരിച്ച് സ്തംഭവനാവസ്ഥ ഒഴിവാക്കുന്നതിനായി 6 കോടി രൂപ പദ്ധതിയിനത്തിൽ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**മലബാർ കാൻസർ സെന്റർ**

ശുപാർശ

കാൻസർ രോഗം കൂടുതലായി കണ്ടുവരുന്ന മലബാർ മേഖലയിൽ തീർത്തും നിർദ്ധനരായിട്ടുള്ള രോഗികളുടെ ചികിത്സയ്ക്കാവശ്യമായ ആധുനിക സംവിധാനങ്ങൾ സെന്ററിൽ ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 12 കോടി രൂപ പരിമിതമായതിനാൽ ആധുനിക സംവിധാനങ്ങളായ വിത്തുകോശങ്ങൾ മാറ്റിവയ്ക്കൽ യൂണിറ്റും പൊക്കിൾക്കൊടിയിൽ നിന്നുള്ള രക്തബാങ്ക് യൂണിറ്റും ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും എം.ആർ.ഐ. സ്കാൻ വാങ്ങുന്നതിനും വിവിധ വിഭാഗങ്ങളിലേക്ക് മെഷീനുകളും ഉപകരണങ്ങളും വാങ്ങുന്നതിനും പീഡിയാട്രിക് ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിനും നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനും മെഡിക്കൽ ലൈബ്രറിയുടെ വിപുലീകരണം, ഇൻപേഷ്യന്റ് ബ്ലോക്കിന്റെ സജ്ജീകരണം തുടങ്ങിയവയ്ക്കായി 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

ശുപാർശ

2210-80-190-99-09

ഗുണമേന്മയുള്ള ഔഷധങ്ങളും മറ്റ് ചികിത്സാസാമഗ്രികളും ഉപകരണങ്ങളും ന്യായമായ വിലയ്ക്ക് സംഭരിച്ച് ആവശ്യാനുസരണം സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2011-12-ൽ പദ്ധതിയേതര ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക 174 കോടി രൂപയാണ്. മുൻ കുടിശ്ശിക 126 കോടി രൂപയോടൊപ്പം 50 കോടി രൂപ മൂലധനചെലവും ഉൾപ്പെടുത്തി 176 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

**ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം വിപുലീകരിക്കാൻ**

ശുപാർശ

ആയുർവേദ ഔഷധങ്ങളുടേയും ചികിത്സാരീതിയുടേയും വർദ്ധിച്ചു വരുന്ന ആവശ്യകത കണക്കിലെടുത്ത് ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണവും വിതരണവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ഡ്രഗ്സ് കൺട്രോൾ വിഭാഗം തീരെ അപര്യാപ്തമായതിനാൽ ഈ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

വി. എസ്. ശിവകുമാർ,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി XII.*

തിരുവനന്തപുരം,
2012 ജൂലൈ 17.